അബൂദർറ് എടയൂർ

# എല്ലാം പൊറുക്കുന്ന റബ്ബ്

عَنْ جَابر بن عَبْد اللَّه، أَنَّ النَّبيَّ ﷺ رَقى المنبر، فَلَمَّا رَقى الدرجة الْأُولى قَالَ: "آمين"، ثُمَّ رقى الثَّانية فقال: "آمين"، ثُمَّ رقى االثّالثة فقال: "آمين"، فقالوا: يارسول الله، سمعناك تقول: "آمين" ثلاث مرات؟ قال: "لَمَّا رقيت الدرجة الْأُولى جاءني جبريل عليه السَّلام فقال: شقي عَبْدٌ أدرك رمضان، فانسلخ منه ولم يغفر له، فقلت: آمين. ثُمَّ قَالَ: شقي عَبْدٌ أَدْرَكَ والديه أو أحدهما فلم يدخلاه الْجَنَّة، فقلت: آمين. ثُمَّ قال: شقي عَبْدٌ ذُكِرتَ عنده ولم يصلّ عليك، فقلت: آمين"

**ജാബിറുബ്നു അബ്ദില്ല(റ)യിൽ നിന്ന് നിവേദനം. പ്രവാചകൻ (സ) ഒരിക്കൽ മിമ്പറിൽ കയറി. ഒന്നാമത്തെ പടിയിൽ കയറിയപ്പോൾ ആമീൻ എന്ന് പറഞ്ഞു. ശേഷം രണ്ടാമത്തെ പടിയിൽ കയറിയപ്പോഴും മൂന്നാമത്തെ പടിയിൽ കയറിയപ്പോഴും ആമീൻ എന്ന് പറയുകയുണ്ടായി. (മിമ്പറിൽ നിന്ന് ഇറങ്ങിയ ശേഷം) ആളുകൾ പ്രവാചകനോട് ചോദിച്ചു: താങ്കൾ മൂന്ന് തവണ ആമീൻ എന്ന് പറയുന്നത് ഞങ്ങൾ കേട്ടുവല്ലോ? നബി(സ) പറഞ്ഞു: ഞാൻ ഒന്നാമത്തെ പടിയിൽ കയറിയപ്പോൾ ജിബ്രീൽ വന്ന് ഇപ്രകാരം പറഞ്ഞു: റമദാനിൽ ഒരാൾക്ക് ജീവിക്കാൻ അവസരം ലഭിക്കുകയും എന്നിട്ട് അവന്റെ പാപം പൊറുക്കപ്പെടാത്ത നിലയിൽ റമദാൻ കടന്നുപോവുകയും ചെയ്താൽ അവൻ ദൗർഭാഗ്യവാനാവട്ടെ. അപ്പോൾ ഞാൻ ആമീൻ പറഞ്ഞു. പിന്നീട് ജിബ്രീൽ പറഞ്ഞു: മാതാപിതാക്കളോ അവരിൽ ഒരാളോ തന്റെയടുക്കലുണ്ടാവുകയും അവർ മുഖേന സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയാതിരിക്കുകയും ചെയ്തവൻ ദൗർഭാഗ്യവാനായിത്തീരട്ടെ. അപ്പോഴും ഞാൻ ആമീൻ പറഞ്ഞു. പിന്നീട് ജിബ്രീൽ: താങ്കളുടെ പേര് കേട്ടപ്പോൾ താങ്കളുടെ മേൽ സ്വലാത്ത് ചൊല്ലാത്തവൻ ദൗർഭാഗ്യവാനാകട്ടെ. അപ്പോഴും ഞാൻ ആമീൻ പറഞ്ഞു. (ബുഖാരി/ അൽ അദബുൽ മുഫ്റദ്)**

'തെറ്റുകൾ ഏറ്റു പറഞ്ഞ് മാപ്പുചോദിക്കാൻ തയാറുള്ളവരുണ്ടോ, പൊറുത്തുതരാൻ ഞാൻ സന്നദ്ധനാണ്' എന്ന് അല്ലാഹു പ്രഖ്യാപിച്ചതായി വ്യക്തമാക്കുന്ന ഖുർആൻ വാക്യങ്ങളും ഹദീസുകളും അനവധിയുണ്ട്. വാക്കിലോ പ്രവൃത്തിയിലോ വികാരവിചാരങ്ങളിലോ വീഴ്ചകളും തെറ്റുകളും സംഭവിക്കുക മനുഷ്യസഹജമാണ്. അവ അല്ലാഹുവിനോട് തുറന്നുസമ്മതിച്ചുകൊണ്ട് പശ്ചാത്തപിക്കുന്നവരോട് അല്ലാഹുവിന് വല്ലാത്ത ഇഷ്ടമാണെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. മരുഭൂമിയിൽ യാത്രക്കിടെ തന്റെ അന്നപാനീയങ്ങൾ വഹിച്ച ഒട്ടകം എങ്ങോ പോയി മറയുകയും അങ്ങനെ സകല പ്രതീക്ഷയും നഷ്ടപ്പെട്ട് മരണം മുന്നിൽ കാണുന്നേരം ആ ഒട്ടകം തിരിച്ചെത്തുകയും ചെയ്യുമ്പോൾ ആ യാത്രക്കാരനുണ്ടാവുന്ന സന്തോഷത്തേക്കാൾ എത്രയോ വലിയ സന്തോഷമാണ് ഒരു ദാസൻ പശ്ചാത്തപിച്ചു മടങ്ങുമ്പോൾ അല്ലാഹുവിനുണ്ടാവുക എന്ന് പ്രവാചകൻ വിശദീകരിക്കുന്നു (മുസ്‌ലിം).

പാപസുരക്ഷിതത്വം ലഭിച്ച പ്രവാചകൻ പോലും ഒരു ദിവസം എഴുപതിലധികം തവണ അല്ലാഹുവിനോട് പാപമോചനം തേടിയിരുന്നുവെന്ന് ഹദീസുകളിൽ കാണാം. അങ്ങനെയെങ്കിൽ നാം എത്ര തവണ മാപ്പിരക്കേണ്ടി വരും? പാപത്തിൽ നിന്ന് ദൈവാനുസരണത്തിലേക്കുള്ള തിരിച്ചുവരവാണ് തൗബ. വീഴ്ച സംഭവിച്ചുവെന്ന് ബോധ്യമായാൽ ഉടൻ തിരുത്താൻ തയാറാവണമെന്നാണ് ഖുർആനിന്റെ നിർദ്ദേശം. കാരണം ഏത് നിമിഷവും നമ്മുടെ ജീവിതത്തിന് അന്ത്യം കുറിക്കപ്പെട്ടേക്കാം. മരണാസന്നവേളയിലെ തൗബക്ക് പ്രസക്തിയില്ലെന്ന് അല്ലാഹു പറയുന്നു (*അന്നിസാഅ്* 18). എന്നാൽ, നമ്മുടെ അശ്രദ്ധമൂലം അടിക്കടി വർധിച്ചുവന്ന പാപക്കറകൾ കഴുകിക്കളയാനുള്ള പ്രത്യേക ഓഫർ കൂടിയാണ് റമദാൻ. ആ ഓഫർ സ്വീകരിക്കാൻ അവസരമുണ്ടായിട്ടും നിരന്തര സൽകർമങ്ങളിലൂടെയും പ്രാർഥനയിലൂടെയും പാപമുക്തി നേടാൻ ശ്രമിക്കുന്നില്ലെങ്കിൽ മുകളിലുദ്ധരിച്ച ജിബ്‌രീലിന്റെ പ്രാർഥനക്ക് നാം ഇരകളായിത്തീരും.

മുഹമ്മദ് നബിയുടെ ഉമ്മത്തിന് മാത്രം നൽകപ്പെട്ടതെന്ന് നബി(സ) തന്നെ വിശദീകരിച്ച സവിശേഷമായ അഞ്ച് അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ പെട്ടതാണ് റമദാനിലെ പാപമോചനവും മലക്കുകളുടെ പാപമോചന പ്രാർഥനയും. അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കാനുള്ള നിതാന്ത ജാഗ്രതയിലൂടെ മാത്രമേ അവ നേടിയെടുക്കാനാവൂ. ഇത്രയേറെ വാഗ്ദാനങ്ങളും ഓഫറുകളുമുണ്ടായിട്ടും പാപം മായ്ചുകളയാൻ ശ്രമിക്കാത്തവനെ ദൗർഭാഗ്യവാൻ എന്നല്ലാതെ മറ്റെന്താണ് വിളിക്കുക.

ആത്മാർഥതയും ഖേദപ്രകടനവും തെറ്റിൽ നിന്ന് ഉടൻ പിന്മാറലും അത് ആവർത്തിക്കില്ലെന്ന ദൃഢനിശ്ചയവും മരണം ആസന്നമാവും മുമ്പേ പശ്ചാത്തപിക്കലും തൗബ സ്വീകരിക്കപ്പെടാനുള്ള നിബന്ധനകളായി പണ്ഡിതന്മാർ പഠിപ്പിക്കുന്നു. മനുഷ്യൻ ധാരാളം ന്യൂനതകളുള്ളവനാണെന്ന് സ്രഷ്ടാവിനറിയാം. അതിനാൽ ഏത് പാപിക്കും പൊറുത്തുകൊടുക്കാൻ സാധ്യമാവും വിധം വിശാലമാണ് അവന്റെ കാരുണ്യം. പക്ഷേ, നാം അതിനായി അല്ലാഹുവിനോട് അപേക്ഷിക്കുകയും സൽകർമങ്ങൾ കൊണ്ട് തെറ്റുകളും വീഴ്ചകളും മറികടക്കാൻ ശ്രമിക്കുകയും വേണമെന്ന് മാത്രം. അല്ലാഹു പ്രഖ്യാപിക്കുന്നു: പറയുക; തങ്ങളോട് തന്നെ അതിക്രമം കാണിച്ച എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശരാവരുത്. സംശയം വേണ്ട; അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുതരുന്നവനാണ്. ഉറപ്പായും അവൻ ഏറെ പൊറുക്കുന്നവനാണ്. പരമദയാലുവും (*അസ്സുമർ* 53). ■